ത്താട്ടത്തിലെ കരിയില ട്ടി വെർട്ടിക്കൽ രീതിയും പരീക്ഷി 9400699485.

Malayalamanorama 22-11-18, P-14

# ഇങ്ങനെ വിഷം കഴിക്കല്ലേ മുറ്റത്തൊരു കറിവേപ്പ് വളർത്തൂ



നമ്മൾ ഏറ്റവും കൂടുതൽ വിഷം തിന്നുന്നത് എങ്ങനെയെന്നു ചോദിച്ചാൽ കറിവേപ്പിലയിൽക്കൂടി എന്ന് ഉത്തരം. അൽപം ശ്രദ്ധയും പരിചരണവും ഉണ്ടെങ്കിൽ കറിവേപ്പ് മുറ്റത്തും ഗ്രോബാഗിലും വളരും.

സൂര്യപ്രകാശവും നീർവാർച്ചയും അത്യാവശ്യം. തറ നന്നായി കിളച്ച്, ഉടച്ച്, ചാണകപ്പൊടിയും എല്ലുപൊടിയും കംപോസ്റ്റും അടിസ്ഥാന വളമായി ചേർക്കാം.

ഗ്രോബാഗിൽ കൃഷിചെയ്യാൻ പോട്ടിങ് മിശ്രിതം തയാർ ചെയ്യണം. ഇതിനായി രണ്ടു ഭാഗം മണ്ണും ഒരു ഭാഗം ചാണകപ്പൊടിയും ഒരു ഭാഗം മണലും ചേർത്ത മിശ്രിതം ഉപയോഗിക്കാം.

പച്ചചാണകം, കപ്പലണ്ടിപ്പിണ്ണാക്ക്, വേപ്പിൻപ്പിണ്ണാക്ക് എന്നിവ അരക്കിലോഗ്രാം വീതം 10 ലീറ്റർ വെള്ളത്തിൽ പുളിപ്പിച്ച്, ഇരട്ടി വെള്ളം ചേർത്തു നേർപ്പിച്ചു വളമായി നൽകാം. കഞ്ഞിവെള്ളം നേർപ്പിച്ചതും അരിക്കാടിയും വളർച്ചയ്ക്ക് നല്ലതാണ്.

ഇലപ്പുള്ളിരോഗത്തിനെതിരെ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ കലക്കി സ്പ്രേ ചെയ്യാം. ഇലതീനിപ്പുഴുവിനെ എടുത്തു നശിപ്പിച്ചതിനുശേഷം മിത്രകീടനാശിനിയായ ബൊവേറിയ ബാസ്സിയാന 20 ഗ്രം ഒരു ലീറ്റർ വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാം. നീരൂറ്റിക്കുടിക്കുന്ന പ്രാണികൾക്കെതിരെ വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം (2%) ഉപയോഗിക്കാം.

പുളിച്ച കഞ്ഞിവെള്ളം നേർപ്പിച്ച് ഇലകളിൽ തളിച്ചുകൊടുക്കുന്നതും കീടങ്ങളെ പ്രതിരോധിക്കാൻ നല്ലതാണ്.

ആറുമാസം കഴിഞ്ഞതിനുശേഷം മാത്രം വിളവെടുക്കുന്നതാണു നല്ലത്. കമ്പുകൾ ഒടിച്ചെടുക്കുന്നതാണ് നല്ലത്. ഇതു പുതിയ മുളകൾ വളരാൻ സഹായിക്കും.

തയാറാക്കിയത്:
എസ്. സിന്ധു,
വിഎഫ്പിസികെ, കൊല്ലം.